THE WAR PHOTOGRAPH

# യുദ്ധഭൂമിയിൽ ക്യാമറയേന്തുന്നവർ

**ജീവൻ തൃണവൽഗണിച്ച് യുദ്ധങ്ങൾക്കിടയിൽ ഫോട്ടോ എടുക്കുന്ന വാർ ഫോട്ടോഗ്രാഫേഴ്സിനെക്കുറിച്ച് നിങ്ങൾക്കറിയാമോ?**

ശാലിനി വി.എസ് നായർ

യുദ്ധത്തിന്റെ പ്രത്യാഘാതങ്ങളെപ്പറ്റി ഏവരും കേട്ടിട്ടുണ്ട്. എന്നാൽ അതിന്റെ ഭയാനകത ബോധ്യപ്പെടുത്തുവാൻ വാക്കുകൾ മതിയാകില്ല. അത്തരം അവസരങ്ങളിൽ വാർ ഫോട്ടോഗ്രഫി വഹിക്കുന്ന പങ്ക് നിസ്തുലമാണ്. ജീവൻ പോലും അവഗണിച്ചുകൊണ്ടാണ് ഓരോ വാർ ഫോട്ടോഗ്രാഫറും യുദ്ധരംഗത്തേക്ക് പോകുന്നത്.

യുദ്ധത്തിന്റെ ഭീകര രംഗങ്ങൾ ക്യാമറയിൽ ഒപ്പിയെടുക്കുന്ന വേളകളിൽ എപ്പോൾ വേണമെങ്കിലും ഫോട്ടോഗ്രാഫർമാർ കൊല്ലപ്പെടാം. അല്ലെങ്കിൽ ഗുരുതരമായി പരിക്കേൽക്കുകയോ, ശത്രുക്കളുടെ കൈകളിൽ അകപ്പെട്ട് തടവറകളിൽ നരകയാതന അനുഭവിക്കുകയോ വേണ്ടി വന്നേക്കാം. ഇത്തരം ദുരനുഭവങ്ങളൊന്നുംതന്നെ അവരെ പിന്തിരിപ്പിക്കാറില്ല.

അസാമാന്യ ധൈര്യവും, ക്ഷമയും,



ERS



**അസാമാന്യ ധൈര്യവും, ക്ഷമയും, മനക്കരുത്തും ആവശ്യമുള്ള മേഖലയാണ് വാർ ഫോട്ടോഗ്രഫി. ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് മരണമടക്കം സംഭവിക്കുന്നുണ്ട്.**

മനക്കരുത്തും ആവശ്യമുള്ള മേഖലയാണ് വാർ ഫോട്ടോഗ്രഫി. ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് മരണമടക്കം സംഭവിക്കുന്നുണ്ട്. എന്നാലും അടങ്ങാത്ത സഹജീവി സ്നേഹത്താൽ ഇന്നും ധാരാളം പേർ ഈ മേഖലയിൽ പ്രവർത്തിക്കാനായി മുന്നോട്ട് വരുന്നു. യുദ്ധമുഖത്ത് അകപ്പെട്ട നിസ്സഹായരായ മനുഷ്യരുടെ കഷ്ടപ്പാടുകൾ ക്യാമറയിലൂടെ അവർ പുറംലോകത്തിന് ബോധ്യമാക്കിക്കൊടുക്കുന്നു.

### വാർ ഫോട്ടോഗ്രഫിയുടെ പ്രാധാന്യം

ഇറാഖിലും അഫ്ഗാനിസ്ഥാനിലും നടന്ന അധിനിവേശത്തെക്കുറിച്ചും, സിറിയയിലും ഫലസ്തീനിലും ഇപ്പോഴും തുടരുന്ന ആക്രമണങ്ങളെ പറ്റിയും, അഭയാർത്ഥികളുടെ പലായനത്തെപ്പറ്റിയുമുള്ള വാർത്തകൾ പത്രമാധ്യമങ്ങളിലൂടെ നാം വർഷങ്ങളായി വായിക്കുകയായിരുന്നു. ഈ വാർത്തകൾ അറിയുന്നുണ്ടായിരുന്നെങ്കിലും പ്രശ്നബാധിത പ്രദേശങ്ങളിലെ ഇരകളുടെ നേരെ കണ്ണടച്ച് ഇരുട്ടാക്കുന്ന സമീപനമാണ് ഏവരും കൈക്കൊണ്ടിരുന്നത്. എന്നാൽ, ഐലാൻ കുർദി എന്ന പിഞ്ചു ബാലന്റെ ചേതനയറ്റ ശരീരത്തിന്റെ ചിത്രം ലോകത്തിന്റെ കണ്ണു തുറപ്പിച്ചു.

പലായനത്തിനിടയിൽ ബോട്ടു മുങ്ങി മരണമടഞ്ഞ അനേകം അഭയാർത്ഥികളിൽ ഒരാളായിരുന്നു ആ ബാലൻ. കടൽത്തീരത്ത് ഗാഢനിദ്രയിലാണ്ട പോലെ കമിഴ്ന്നു കിടക്കുന്ന നിഷ്കളങ്കനായ അവന്റെ മൃതശരീരം ലോകമനഃസാക്ഷിയെ ആഴത്തിൽ മുറിവേൽപ്പിച്ചു.

അഭയാർത്ഥികളുടെ നിസ്സഹായാവസ്ഥയുടെ ഒരു നേർക്കാഴ്ചയായിരുന്നു ആ ചിത്രം. നിലൂഫർ ഡിമർ എന്ന ഫോട്ടോ ജേർണലിസ്റ്റ് പകർത്തിയ ആ ചിത്രം ലോകമെമ്പാടും പ്രചരിച്ചതോടെ ഐക്യരാഷ്ട്രസഭയോടൊപ്പം പല പ്രമുഖ രാജ്യങ്ങളും അഭയാർത്ഥികളെ സ്വീകരിക്കാൻ തയ്യാറായി. ഒരു ഫോട്ടോ മനുഷ്യമനസ്സുകളെ എത്രമേൽ സ്വാധീനിക്കുമെന്നതിന്റെ ഉത്തമ ഉദാഹരണമായിരുന്നു ഇത്.

### പത്രപ്രവർത്തനവും ഫോട്ടോഗ്രഫിയും

സാമൂഹ്യനന്മ ലക്ഷ്യമിടുന്ന വളരെ ശക്തമായ തൊഴിൽമേഖലയാണ് പത്രപ്രവർത്തനം. പത്രപ്രവർത്തനത്തിൽ ഫോട്ടോഗ്രഫിക്ക് സുപ്രധാനമായ സ്ഥാനമാണുള്ളത്. ഫോട്ടോ ജേർണലിസത്തിൽ ശോഭിക്കുവാൻ കേവലം കഴിവും താൽപര്യവും മാത്രം പോരാ;



*സിറിയൻ യുദ്ധഭൂമിയിലെ കുട്ടികൾ*

ഒരു സുരക്ഷാഭടന്റെ മനസ്സാന്നിധ്യവും, ധീരതയും വളരെയേറെ ആവശ്യപ്പെടുന്ന തൊഴിലാണിത്. കൂടാതെ ഒരു സന്നദ്ധ പ്രവർത്തകനുള്ള സഹജീവിസ്നേഹവും, യുദ്ധരംഗത്തെ കഷ്ടപ്പാടുകൾ സഹിക്കാനുള്ള മനോബലവും വാർ ഫോട്ടോഗ്രാഫർക്ക് നിശ്ചയമായും ഉണ്ടായിരിക്കണം.

### വാർ ഫോട്ടോഗ്രാഫേഴ്സ് നേരിടുന്ന വെല്ലുവിളികൾ

യുദ്ധരംഗത്തെ ഭയാനക ദൃശ്യങ്ങൾ പകർത്തുന്ന ഓരോ ഫോട്ടോഗ്രാഫറും അതികഠിനമായ മാനസികാവസ്ഥയിലൂടെയാണ് കടന്നുപോകുന്നത്. അതിക്രൂരമായ പീഡനങ്ങൾ ഏറ്റുവാങ്ങിയവർ, സാരമായി മുറിവേറ്റവർ, മൃതപ്രായരായവർ, ഒരിറ്റു വെള്ളത്തിനായി കേഴുന്നവർ, ചിതറിക്കിടക്കുന്ന ശവശരീരങ്ങൾ, നിസ്സഹായരായ സ്ത്രീകൾക്കൊപ്പം അലയുന്ന കുട്ടികൾ, അനാഥരായ പിഞ്ചുകുഞ്ഞുങ്ങൾ എന്നിങ്ങനെ കരൾ പിളർക്കുന്ന കാഴ്ചകൾ മാത്രമേ യുദ്ധഭൂമിയിലെങ്ങും കാണുവാനാകൂ. തങ്ങളുടെ ജോലിയുടെ ഭാഗമാണെങ്കിൽക്കൂടി ദിനംപ്രതി ഇത്തരം കാഴ്ചകൾ കാണുന്ന ഒരാളുടെ മാനസിക സംഘർഷം എത്രമാത്രം ഭയാനകമായിരിക്കും!!

അക്രമിയെ തടയുവാനോ ഇരകളെ രക്ഷിക്കുവാനോ കഴിയാത്ത നിസ്സഹായാവസ്ഥയിൽ ആ ക്രൂര ദൃശ്യങ്ങൾ പകർത്തി പുറംലോകത്തിനു മുന്നിൽ എത്തിക്കുവാൻ മാത്രമേ വാർ ഫോട്ടോഗ്രാഫേഴ്സിന് കഴിയാറുള്ളൂ. ആ പരിശ്രമത്തിനിടയിൽ ദിവസങ്ങളോളം പട്ടിണി സഹിക്കേണ്ടി വന്നേക്കാം. മറ്റു ചിലപ്പോൾ യുദ്ധരംഗത്ത് നിരപരാധികൾക്കൊപ്പം വാർ ഫോട്ടോഗ്രാഫേഴ്സും കൊല്ലപ്പെട്ടേക്കാം.

മനുഷ്യത്വം മരവിച്ച ചില ക്രൂരരായ ഏകാധിപതികളുടെ നടപടികളിലൂടെ നിരപരാധികളായ മനുഷ്യരുൾപ്പെടെ അനേകായിരം ജീവജാലങ്ങളും കൊല്ലപ്പെടുന്നു. ഇത്തരം ദൃശ്യങ്ങൾക്ക് പുറമെ തകർന്നടിഞ്ഞ ചരിത്രപ്രാധാന്യമുള്ള സ്മാരകങ്ങൾ വാർ ഫോട്ടോഗ്രഫിയുടെ വിഷയമാകാറുണ്ട്. അഫ്ഗാനിസ്ഥാനിലെ പുരാതന ബാമിയാൻ പ്രതിമകൾ താലിബാൻ തകർത്ത വിവരം വാർ ഫോട്ടോഗ്രാഫേഴ്സാണ് ലോകത്തെ അറിയിച്ചത്.





*2003 ലെ അമേരിക്കയുടെ ഇറാഖ് അധിനിവേശ കാലത്തെ ഫോട്ടോകളിലൊന്ന്*

**പശ്ചിമേഷ്യൻ രാജ്യങ്ങളിലും, വിവിധ ആഫ്രിക്കൻ രാജ്യങ്ങളിലും നടമാടുന്ന കലാപങ്ങളെത്തുടർന്ന് അഭയാർത്ഥി ക്യാമ്പുകളിലും മറ്റും നരകതുല്യമായ ജീവിതം നയിക്കുന്നവരെ ലോകശ്രദ്ധയിലെത്തിച്ചതിൽ വാർ ഫോട്ടോഗ്രാഫേഴ്സിന്റെ പങ്ക് നിസ്തുലമാണ്.**

സിറിയയിലെ അലപ്പോ എന്ന പ്രമുഖ പുരാതന നഗരത്തിന്റെ ഇന്നത്തെ അവസ്ഥ എന്താണെന്ന് നിരവധി യുദ്ധ ചിത്രങ്ങളിലൂടെ വാർ ഫോട്ടോഗ്രാഫേഴ്സ് നമുക്ക് കാട്ടിത്തരുന്നുണ്ട്. കൂടാതെ യുദ്ധത്തിന് മുമ്പുള്ള ക്ഷേമ സമൃദ്ധമായിരുന്ന ഭൂപ്രദേശങ്ങൾ യുദ്ധത്തെത്തുടർന്ന് ശവപ്പറമ്പായതും നാം ഫോട്ടോകളിലൂടെയും വീഡിയോകളിലൂടെയും മനസ്സിലാക്കി.



പശ്ചിമേഷ്യൻ രാജ്യങ്ങളിലും, വിവിധ ആഫ്രിക്കൻ രാജ്യങ്ങളിലും നടമാടുന്ന കലാപങ്ങളെത്തുടർന്ന് അഭയാർത്ഥി ക്യാമ്പുകളിലും മറ്റും നരകതുല്യമായ ജീവിതം നയിക്കുന്നവരെ ലോകശ്രദ്ധയിലെത്തിച്ചതിൽ വാർ ഫോട്ടോഗ്രാഫേഴ്സിന്റെ പങ്ക് നിസ്തുലമാണ്.

സ്വന്തം നാടും വീടും ഉപേക്ഷിച്ച്, കലാപ ബാധിത പ്രദേശങ്ങളിൽ ജീവൻ പോലും പണയം വെച്ച് ക്യാമറയുമായി അലഞ്ഞു നടക്കുന്ന ഫോട്ടോ ജേർണലിസ്റ്റുകൾ പകർത്തുന്ന ഓരോ ഫോട്ടോകളും വീഡിയോകളും യുദ്ധത്തിന്റെ ക്രൂരതയും, അർത്ഥശൂന്യതയും ലോകത്തെ ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

അമേരിക്ക വിയറ്റ്നാമിൽ നടത്തിയ കൊടുംക്രൂരതകളും ഇറാഖിൽ നടത്തിയ മനുഷ്യക്കുരുതികളും ഇവർ പുറത്തെത്തിച്ചു. ഇസ്‌ലാമിക് സ്റ്റേറ്റ്, അൽഖ്വയ്ദ, ബോക്കോ ഹറാം എന്നീ തീവ്രവാദി സംഘടനകളുടെ കൊടുംക്രൂരതകൾ വെളിപ്പെടുത്തുന്നതിലും ഫോട്ടോ ജേർണലിസ്റ്റുകൾ അതിപ്രധാനമായ പങ്കാണ് വഹിച്ചത്.

✦